പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 244 26-09-2011 -ൽ മറുപടിക്ക്.

## മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് വരുന്ന അനധികൃത സ്പിരിറ്റ് തടയുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ. കെ. ബാബു (എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) | |
| (എ) | മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് വരുന്ന അനധികൃത സ്പിരിറ്റ് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | (എ) | ചെക്ക് പോസ്റ്റുകളിൽ കൂടുതൽ ജീവനക്കാരെ നിയമിച്ചും, N.H. 47, N.H. 17 തുടങ്ങിയ പ്രധാന പാതകളിൽ സ്ട്രൈക്കിംഗ് ഫോഴ്സ്, മൊബൈൽ പട്രോൾ യൂണിറ്റ് എന്നീ സ്ക്വാഡുകൾ രൂപീകരിച്ച് 24 മണിക്കൂറും അതീവ ജാഗ്രതയൊടെ വാഹന പരിശോധന നടത്തി വരുന്നു. ട്രെയിൻ മാർഗ്ഗം സ്പിരിറ്റ് കടത്ത് തടയുന്നതിന് റെയിൽവേ ഉദ്യോഗസ്ഥരുമായി ചേർന്ന് റെയിൽ മാർഗ്ഗം വരുന്ന സംശയമുള്ള പാഴ്സലുകൾ പരിശോധിക്കുന്നുണ്ട്. കടൽമാർഗ്ഗം സ്പിരിറ്റ് കടത്തിന് സാധ്യതയുള്ള ഭാഗങ്ങളിലും, അതിർത്തി പ്രദേശങ്ങളിലും പകലും രാത്രിയും വാഹന പരിശോധനയും, എക്സൈസ് ഇന്റലിജൻസ് വിഭാഗത്തിന്റെ സഹകരണത്തോടുകൂടി നിരീക്ഷണവും, രാത്രികാല കർശന പട്രോളിംഗും നടത്തി വരുന്നു. |
| (ബി) | തമിഴ്നാട് അതിർത്തിയായ ഗോവിന്ദപുരം, ചെമ്മണാമ്പതി, മീനാക്ഷിപുരം ചെക്ക് പോസ്റ്റുകളിൽ അനധികൃത സ്പിരിറ്റ് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | തമിഴ്നാട് അതിർത്തിയായ ഗോവിന്ദപുരം, ചെമ്മണാമ്പതി, മീനാക്ഷിപുരം എന്നീ ചെക്ക് പോസ്റ്റുകളിൽ 24 മണിക്കൂറും അതീവ ജാഗ്രതയോടെ വാഹന പരിശോധന നടത്തി വരുന്നു. |
| (സി) | ഈ ചെക്ക് പോസ്റ്റുകൾക്ക് സമാന്തരമായി ബൈറൂട്ടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ബൈറൂട്ടുകളിലൂടെ വരുന്ന വാഹനങ്ങളെ തടയുന്നതിന് എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളത്? | (ഡി) | ബൈറൂട്ടുകളിലൂടെ അനധികൃതമായി സ്പിരിറ്റ് / വിദേശമദ്യം കടത്ത് തടയുന്നതിനായി, 24 മണിക്കൂറും പ്രവർത്തിക്കുന്ന ബോർഡർ പട്രോളിംഗ് യൂണിറ്റും, സ്ട്രൈക്കിംഗ് ഫോഴ്സും, എക്സൈസ് റേഞ്ച് / സർക്കിൾ പാർട്ടിയും, സ്പെഷ്യൽ സ്ക്വാഡ് പാർട്ടിയും കർശന പരിശോധന നടത്തി വരുന്നുണ്ട്. |

സെക്ഷൻ ആഫീസർ